# അഞ്ചാം ധനകാര്യ കമ്മിഷൻ റിപ്പോർട്ട് ധനവകുപ്പ് അട്ടിമറിച്ചു


## ഡോ. ബി. എ. പ്രകാശ്

(ചെയർമാൻ, അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷൻ)


1. ഭരണഘടന സ്ഥാപനമായ ധനകാര്യ കമ്മിഷന്റെ ശുപാർശകൾ അവധാനം പരിശോധിയ്ക്കുവാൻ കൂടുതൽ സമയം വേണ്ടി വന്നത് മൂലമാണ് റിപ്പോർട്ട് നടപ്പിലാക്കാൻ രണ്ടു വർഷം വൈകിയതെന്നു ധനമന്ത്രി പറയുന്നു. ഇതിനു ഒരു ന്യായീകരണവുമില്ല. ഇത് കെടുകാര്യസ്ഥതയും ഭരണഘടനാ ലംഘനവും ഗുരുതരമായ കൃത്യവിലോപവുമാണ്. ഇതിനു ഉത്തരവാദിയായ ധനമന്ത്രിയ്ക്ക് തൽസ്ഥാനത്ത് തുടരാൻ അർഹതയില്ല.

2. 2016 ഏപ്രിൽ മുതൽ അഞ്ചു വർഷക്കാലത്തേക്ക് നടപ്പിലാക്കേണ്ട ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് മന:പ്പൂർവ്വം വൈകി നടപ്പിലാക്കാൻ ധനവകുപ്പ് മുൻകൂട്ടി പദ്ധതി തയ്യാറാക്കിയിരുന്നതായി മാധ്യമറിപ്പോർട്ടുകൾ ഉണ്ട്. (ഏഷ്യാനെറ്റ് ന്യൂസ്, 2016 ഫെബ്രുവരി 9). വൈകി നടപ്പിലാക്കാനുള്ള കാരണം സർക്കാർ അന്വേഷിക്കുകയും കുറ്റക്കാരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിയ്ക്കുകയും വേണം.

3. കമ്മിഷൻ നൽകിയ നികുതി വിഭജന ശുപാർശകൾ പാടെ നിരസിക്കുന്നതിനു ധനമന്ത്രി പറയുന്ന വാദഗതികൾ ബാലിശമാണ്. കേന്ദ്ര ധനകാര്യ കമ്മിഷന്റെ മാതൃകയിൽ, അതാതു വർഷത്തെ തനതു നികുതി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകളുടെ വിഹിതം നൽകണമെന്ന കമ്മിഷന്റെ ശുപാർശ നിരസിക്കാൻ കാരണമായി പറയുന്നത് ജി.എസ്.ടി. പ്രശ്നങ്ങളാണ്. ഇത് യുക്തിക്ക് നിരക്കാത്തതാണ്.

4. കേന്ദ്ര ധനകാര്യ കമ്മിഷൻ പ്രാദേശിക സർക്കാരുകൾക്ക് സിവിക് ചുമതലകൾ നിർവഹിക്കാൻ നൽകുന്ന പ്രത്യേക ഗ്രാന്റ് സംസ്ഥാന ധനകാര്യ കമ്മിഷൻ ശുപാർശകൾക്ക് പുറമേ നൽകണമെന്ന ശുപാർശയും സ്വീകരിച്ചില്ല. ഇത് പദ്ധതി ഫണ്ടിന്റെ ഭാഗമായി നൽകിയില്ലെങ്കിൽ സംസ്ഥാനപദ്ധതി അവതാളത്തിലാകുമെന്നാണ് സർക്കാരിന്റെ വിചിത്രമായ നിലപാട്.

5. ഊഹകണക്കിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഫണ്ട് നൽകുന്ന രീതി അവസാനിപ്പിച്ച് യഥാർത്ഥ റോഡ്, നോൺ-റോഡ് ആസ്തികളുടെ അടിസ്ഥാനത്തിൽ ഫണ്ട് നൽകണമെന്ന ശുപാർശ നിരസിയ്ക്കുന്നതിനു പിന്നിൽ അഴിമതിയും

സ്വജനപക്ഷപാതവുമാണെന്ന് സംശയിക്കേണ്ടിരിയ്ക്കുന്നു. ചിലർക്ക് അനർഹമായി കൂടുതൽ തുക നൽകാനും അഴിമതിയ്ക്കും വേണ്ടിയാണ് ഇത്.

6. സംസ്ഥാന പദ്ധതി അടങ്കലിന്റെ ഒരു വിഹിതം പ്രാദേശിക സർക്കാരുകൾക്ക് വാർഷിക പദ്ധതിയ്ക്കായി നൽകുന്നതിനു പകരം സംസ്ഥാന നികുതി വിഹിതത്തിന്റെ 11 മുതൽ 14.5 ശതമാനം നൽകണമെന്ന ശുപാർശ നടപ്പിലാക്കിയാൽ നിലവിലെ പദ്ധതി സംവിധാനം തകരുമെന്ന് സർക്കാർ പറയുന്നത് യുക്തിക്ക് നിരക്കാത്തതാണ്. ഭരണഘടന വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാന നികുതി വിഹിതത്തിന്റെ ഒരു ഭാഗം പ്രാദേശിക സർക്കാരുകൾക്ക് വീതിച്ചു നൽകുകയാണ് കമ്മിഷന്റെ ചുമതലയെന്നു സർക്കാർ മറന്നു പോകുന്നു.

7. അർഹമായ നികുതി വിഹിതം പ്രാദേശിക സർക്കാരുകൾക്ക് നൽകാതെ അവരെ തകർക്കാനാണ് അഞ്ചാം ധനകാര്യ കമ്മിഷൻ ശ്രമിക്കുന്നതെന്ന് മുൻപ് തുടർച്ചയായി ആരോപണം ഉന്നയിച്ചിരുന്ന ഇന്നത്തെ ധനമന്ത്രി, കമ്മിഷൻ ശുപാർശ ചെയ്തതിനേക്കാൾ 19 ശതമാനം തുക കുറച്ചു 2018-19 ൽ നൽകിയത് വിരോധാഭാസമാണ്.